# പോലീസ് വകുപ്പ്

# കേരളം

**No. B1-29484/2022/IRB**
ഇന്ത്യ റിസർവ് ബറ്റാലിയൻ,
തൃശ്ശൂർ
✉cmdtirb.pol@kerala.gov.in
📞04872328720
തീയതി. 02-03-2023

**<u>പുന:ലേല പരസ്യം</u>**

ഇന്ത്യ റിസർവ് ബറ്റാലിയൻ അധീനതയിലുള്ള പാണ്ടിക്കാട് ക്യാമ്പിൽ നിലകൊള്ളുന്ന താഴെ കാണിച്ചിരിക്കുന്ന ഫലവൃക്ഷങ്ങളിൽ നിന്നും 2023 വർഷത്തെ കാലയളവിൽ (2023 ജനുവരി മുതൽ ഡിസംബർ 31 വരെ)ലഭ്യമാകുന്നതും അനുഭവയോഗ്യമായതുമായ കായ്ഫലങ്ങൾ എടുക്കുന്നതിനുള്ള അവകാശം 07/03/2023 തിയതി 11 മണിക്ക് പാണ്ടിക്കാട് ക്യാമ്പിൽ വച്ച് പരസ്യമായി ലേലം ചെയ്യുന്നതാണ്.

| ക്രമ നമ്പർ | ഇനം | എണ്ണം |
|---|---|---|
| 1 | പ്ലാവ് | 100 |
| 2 | കശുമാവ് | 622 |
| 3 | മാവ് | 181 |
| 4 | തെങ്ങ് | 119 |
| 5 | പുളി | 19 |
| 6 | നെല്ലി | 11 |

ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ലേല സ്ഥലത്ത് നിശ്ചിത സമയത്ത് ഹജരാകേണ്ടതും നിരതദ്രവ്യമായി 5000/-രൂപ കെട്ടിവക്കേണ്ടതുമാണ്. ലെലത്തോടനുബന്ധിച്ച ടെണ്ടർ നൽകുവാൻ ആഗ്രഹിക്കുന്നവർ ആയത് വെള്ളക്കടലാസ്സിൽ എഴുതി നിരതദ്രവ്യമായ തുക അടച്ച രസീതി സഹിതം മുദ്രവച്ച കവറിൽ ഓഫീസർ കമാണ്ടിംഗ് എഫ് കമ്പനി, ഇന്ത്യ റിസർവ് ബറ്റാലിയൻ പാണ്ടിക്കാട് ക്യാമ്പ് എന്ന വിലാസത്തിൽ സമർപ്പിക്കേണ്ടതാണ്. കവറിന് മുകളിൽ 2023 വർഷത്തെ പാണ്ടിക്കാട് ക്യാമ്പിലെ ഫലവൃക്ഷങ്ങളുടെ ആദായം എടുക്കുന്നതിനുള്ള ടെണ്ടർ എന്ന് എഴുതേണ്ടതാണ്.

ലേലത്തിൽ പരാജയപ്പെടുന്നവർക്ക് ലേലം പൂർത്തിയായ ഉടൻ തന്നെ നിരതദ്രവ്യം തിരിച്ചു നൽകുന്നതായിരിക്കും. ലേലം താൽക്കാലികമായി സ്ഥിരപ്പെടുത്തി കിട്ടിയ വ്യക്തി (നിരതദ്രവ്യം ഉൾപ്പെടെ)ലേല സ്ഥലത്ത് വച്ചുതന്നെ അടക്കേണ്ടതാണ്.പിന്നീട് അധികാരപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും ലേലം ഉറപ്പിച്ചു ഉത്തരവ് കിട്ടിയ ശേഷം ബാക്കി തുക (GST)യും ബറ്റാലിയൻ ക്യാഷ്യർ കൈവശം അടച്ചു രസീതി വാങ്ങേണ്ടതാണ്.ലേലം സ്ഥിരപ്പെടുത്തികൊണ്ടുള്ള അറിയിപ്പ് തുടർന്ന് ഈ കാര്യാലയത്തിൽ നിന്നും ലഭിച്ച് കഴിഞ്ഞാൽ 3 ദിവസത്തിനകം 100/- രൂപയുടെ മുദ്രപ്പത്രത്തിൽ ഒരു നഷ്ടോത്തരവാദിത്വകരാർ തയാറാക്കി ഒപ്പിടേണ്ടതാണ്.

എന്നാൽ മേൽ വ്യവസ്ഥകൾ പാലിക്കാത്ത പക്ഷം ലേലം കൈക്കൊണ്ട ആൾ അടവാക്കിയ നിരത ദ്രവ്യം ഉൾപ്പെടെ അതുവരെ അടച്ച മൊത്തം തുക സർക്കാരിലേക്ക് മുതൽ കൂട്ടുന്നതും പുനർ ലേലം ചെയ്യുന്നതുമായിരിക്കും.അപ്രകാരം നടത്തുന്ന പുനർ ലേലത്തിൽ സർക്കാരിനുണ്ടാകുന്ന നഷ്ടം മുൻ ലേലക്കാരനിൽ നിന്നും ഈടാക്കുന്നതും , മറിച്ച് കൂടുതലായി ലേല തുക ലഭിക്കുകയാണെങ്കിൽ , ടി അധിക

ലേല തുകയിൽ മുൻ ലേലക്കാരന് യാതൊരു വിധ അവകാശമോ അർഹതയോ ഉണ്ടായിരിക്കുന്നതല്ല.

ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർക്ക് ലേലതിയതിക്ക് മുന്നേയുള്ള പ്രവർത്തിദിവസങ്ങളിൽ രാവിലെ 11.00 മണി മുതൽ 4.00 മണി വരെയുള്ള സമയങ്ങളിൽ മേൽ പട്ടികയിൽ പറഞ്ഞിട്ടുള്ള മരങ്ങളിലെ കായ്ഫലങ്ങൾ ഐആർ ബറ്റാലിയൻ ക്വാർട്ടർ മാർഷൽ പാണ്ടിക്കാട് ക്യാമ്പിന്റെ അനുമതിയോടുകൂടി പരിശോധിക്കാവുന്നതും സംശയനിവൃത്തികൾ തേടാവുന്നതുമാണ്.

യാതൊരു മുന്നറിയിപ്പും കൂടാതെലേലം മാറ്റി വയ്ക്കുന്നതിനും, അസ്ഥിരപ്പെടുത്തുന്നതിനുമുള്ള പൂർണ്ണ അധികാരം ഇന്ത്യ റിസർവ് ബറ്റാലിയൻ കമാൻഡന്റിൽ നിക്ഷിപ്തമായിരിക്കും , ലേലം സംബന്ധിച്ച എല്ലാ സർക്കാർ വ്യവസ്ഥകളും ഈ ലേല നടപടികൾക്കും ബാധകമായിരിക്കും.

പദം സിംഗ് ഐ പി എസ്
കമാണ്ടൻറ്

| | | |
|---|---|---|
| സ്വീകർത്താവ് | : | ലേല ബോർഡ് അംഗങ്ങൾക്ക് അറിവിനും സത്വര അനന്തരനടപടികൾക്കുമായി. ഓഫീസർ കമാണ്ടിംഗ് 'എഫ്' കമ്പനിക്ക് അറിവിനും അനന്തരനടപടിക്കുമായി. ലേലത്തിൽ പങ്കെടുക്കുന്നവരിൽ നിന്നും നിരതദ്രവ്യം മുൻകൂറായി വാങ്ങേണ്ടതും ലേലത്തിൽ പരാജയപ്പെടുന്നവർക്ക് പ്രസ്തുത ദിവസം തന്നെ ടി നിരതദ്രവ്യം തിരികെ നൽകേണ്ടതാണ്. കൂടാതെ ലേലവുമായി ബന്ധപ്പെട്ട് ലഭ്യമാകുന്ന മേൽ പ്രസ്താവിച്ച വിധമുള്ള ആകെ ലേലത്തുക സ്വീകരിക്കേണ്ടതും തൊട്ടടുത്ത ദിവസം കാഷ്യർ, ഇന്ത്യ റിസർവ് ബറ്റാലിയൻ വശം അടക്കേണ്ടതുമാണ്. |
| പകർപ്പ് | : | എല്ലാ ബറ്റാലിയൻ കമാണ്ടന്റ്/ജില്ല പോലീസ് മേധാവി/കമ്മീഷണർമാർ എന്നിവർക്ക് അറിവിനും വേണ്ടത്ര പ്രചരണത്തിനുമായി. മഞ്ചേരി, പെരിന്തൽമണ്ണ, കോട്ടക്കൽ മുനിസിപ്പൽ സെക്രട്ടറിമാർ പാണ്ടിക്കാട്, തുവ്വൂർ, മേലാറ്റൂർ, വണ്ടൂർ, പോരൂർ, തെന്നല പഞ്ചായത്ത് സെക്രട്ടറിമാർക്കും അറിവിലേക്കും വേണ്ടത്ര പ്രചരണത്തിനുമായി.ഐ.ആർ.ബി ഡെപ്യൂട്ടി കമാണ്ടന്റ്(ക്യൂഎം) അറിവിലേക്കായി.ഐ.ആർ.ബി കാഷ്യറുടെ അറിവിലേക്കായി.കമാണ്ടന്റ് സി.എ യുടെ അറിവിലേക്കായി.നോട്ടീസ് ബോർഡ്. |